(സി&ഡി) മേൽപ്പറഞ്ഞ എട്ട് പരാതികളും വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാര തുക പദ്ധതിധനസഹായം ലഭ്യമാക്കാനുള്ള അപേക്ഷകളായിരുന്നു. ഇതിൽ അഞ്ചെണ്ണം പരിശോധിച്ച് ധനസഹായം നല്കിയിട്ടുണ്ട്. ബാക്കിയുള്ള ഈ സാമ്പത്തികവർഷം തന്നെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടാനയുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നിലവിൽ ഉള്ള ചട്ടങ്ങൾ പ്രകാരം പരമാവധി 10,000 രൂപവരെ ധനസഹായം നല്കുന്നതിനും കാട്ടാനശല്യം നിരന്തരമായി ഉണ്ടാകുന്ന പ്രദേശങ്ങളിലെ വനാതിർത്തികൾ സ്റ്റീൽ വൈദ്യുതി കം പിമേലി നിർമ്മിക്കാനും നടപടി സ്വീകരിക്കുന്നുണ്ട്.

ഗാന്ധി സ്മൃതിവനം പദ്ധതി

114 (2564) ശ്രീ. ജി. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഗാന്ധി സ്മൃതിവനം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിൽ എന്ന് വ്യക്തമാക്കാമോ ;

(ബി) സ്മൃതി വനത്തിനുവേണ്ടി ഇതുവരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു ; ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ എവിടെ വരെയായി ;

(സി) ഈ പദ്ധതി ജിം-ൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി ആരെങ്കിലും ഏറ്റെടുത്തു കഴിഞ്ഞോ ?

ഉത്തരം

(എ) ഗാന്ധി സ്മൃതി വനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. ഈ ഭൂമി ഏറ്റെടുത്തതിനെതിരെ ഫയൽ ചെയ്ത ഒ.പി.-യുടെ വെളിച്ചത്തിൽ ഏറ്റെടുക്കൽ നടപടി മന്ദീഭവിക്കുകയുണ്ടായി. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 415 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള 195 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) ആരും ഏറ്റെടുത്തു കഴിഞ്ഞിട്ടില്ല.

വയനാട് ജില്ലയിലെ വനഭൂമി

115 (2565) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ 19-2-2000, 31-10-2000 എന്നീ തീയതികളിലെ നോട്ടിഫിക്കേഷനനുസരിച്ച് വയനാടു ജില്ലയിൽ എവിടെയെല്ലാമുള്ള ഭൂമി വനഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly